**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 209** **30-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗങ്ങൾക്ക് തൊഴിൽ പരിശീലനത്തിന് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ പി . | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതി വിഭാഗങ്ങൾക്ക് സംഘടിത മേഖലയിൽ ജോലി ലഭിക്കുന്നതിനായി അംഗീകൃത പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നടത്തുന്നതിന് ധനസഹായ പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വിഭാഗങ്ങൾക്ക് സംഘടിത മേഖലയിൽ ജോലി ലഭിക്കുന്നതിനായി അംഗീകൃത പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നടത്തുന്നതിന് ധനസഹായ പദ്ധതി നിലവിലില്ല. എന്നാൽ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.കൾ മുഖാന്തിരം വിവിധ ട്രേഡുകളിൽ സാങ്കേതിക പരിശീലനം നൽകി വരുന്നുണ്ട്. പ്രസ്തുത ഐ.ടി.ഐ.കളിലെ വിവിധ ട്രേഡുകളിൽ പഠനം പൂർത്തിയാക്കുന്ന പട്ടികജാതി യുവതീ യുവാക്കൾക്ക് സംഘടിത അസംഘടിത മേഖലകളിൽ തൊഴിൽ ലഭിക്കുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിവിധ തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പദ്ധതികൾ വിവിധ ഏജൻസികൾ മുഖേന വകുപ്പ് നടപ്പിലാക്കി വരുന്നു. ടി പരിശീലന പദ്ധതികളിലൂടെ പഠനം പൂർത്തിയാക്കുന്നവർക്ക് വിദേശ രാജ്യങ്ങളുൾപ്പെടെ തൊഴിൽ ലഭ്യമാകുന്നുണ്ട്. |
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങളുടേയും വകുപ്പുകളുടെയും സഹായത്തോടെ പട്ടികജാതി വിഭാഗങ്ങൾക്കായി സംരംഭകത്വ വികസന പരിശീലനത്തിന് ധനസഹായം ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരുടെ സംരംഭകത്വ വികസനത്തിനായി വകുപ്പിന്റെ പദ്ധതിയായ സ്റ്റാർട്ട്അപ് ഡ്രീംസ് പദ്ധതി കേരള സ്റ്റാർട്ട്അപ് മിഷൻ മുഖേന നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിയിലൂടെ ലഭ്യമാകുന്ന സഹായങ്ങൾ താഴെ പറയുന്നവയാണ്. 1) മണ്ണന്തല അംബേദ്കർ ഭവനിൽ തയ്യാറാക്കിയ ഇങ്കുബേറ്ററിൽ നാമമാത്രമായ ചെലവിൽ വേഗതയുള്ള ഇൻറർനെറ്റ് സൗകര്യം ഉൾപ്പെടെ നിലവാരമുള്ള ഓഫീസ് സൗകര്യം. 2) പ്രത്യേകമായി തയ്യാറാക്കിയ ഇങ്കുബേഷൻ പരിപാടിയിലൂടെ മെന്ററിംഗ് ഉൾപ്പെടെയുള്ള സഹായങ്ങൾ. 3) പട്ടികജാതി വിഭാഗക്കാരായ സംരംഭകർക്ക് പലിശരഹിത സീഡ് |

| | | | |
|---|---|---|---|
| | | | ഫണ്ട്. 4) ഉൽപന്നം, വിപണനം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം. സാങ്കേതിക പരിജ്ഞാനമുള്ള മെന്റർമാരുടെ സേവനമുൾപ്പെടെ മികച്ച ഉൽപ്പന്നം വികസിപ്പിക്കുന്നതിനും മികച്ചരീതിയിൽ വിപണനം നടത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശം, വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ എന്നിവയും ഈ പദ്ധതിയുടെ ഭാഗമാകുന്നവർക്ക് ലഭ്യമാണ്. |
| (സി) | വിദേശത്ത് തൊഴിലവസരങ്ങൾ തേടുന്ന പട്ടികജാതി യുവജനങ്ങൾക്ക് സാമ്പത്തിക സഹായ പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കാമോ? | (സി) | പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ തേടി പോകുന്നതിനുള്ള യാത്രാസംബന്ധമായ ചെലവുകൾക്കായി ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന വിദേശ തൊഴിൽ ധനസഹായ പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. കൂടാതെ വിവിധ ഏജൻസികൾ മുഖേന വകുപ്പ് നടപ്പിലാക്കുന്ന തൊഴിലധിഷ്ഠിത കോഴ്സുകളിൽ പഠനം പൂർത്തിയാക്കി വിദേശത്ത് പ്ലെയ്സ്മെന്റ് കരസ്ഥമാക്കുന്ന പട്ടികജാതി യുവജനങ്ങൾക്ക് വിസാ/യാത്രാ സംബന്ധമായ ചെലവുകൾക്ക് ഒരു ലക്ഷം രൂപ അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ